# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4206 | 19.10.2011 ൽ മറുപടിയ്ക്ക്

## സഹകരണ സംഘങ്ങൾക്കുള്ള എൻ.സി.ഡി.സി. ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സാമ്പത്തിക വർഷം എൻ.സി.ഡി.സി. ധനസഹായത്തിനായി ഏതെല്ലാം സഹകരണ സംഘങ്ങൾ അപേക്ഷ നൽകിയിരുന്നു.; | (എ) കഴിഞ്ഞ സാമ്പത്തിക വർഷം എൻ.സി.ഡി.സി. ധനസഹായത്തിനായി ചട്ടപ്രകാരം അപേക്ഷിച്ച സഹകരണ സംഘങ്ങളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) അതിൽ ഏതെല്ലാം സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട് എന്നും എത്ര രൂപയാണ് ഓരോ സംഘങ്ങൾക്കും നൽകിയിട്ടുള്ളത് എന്നും വിശദമാക്കാമോ; | (ബി) പദ്ധതി തിരിച്ച് ഓഹരിയിനത്തിലും വായ്പയിനത്തിലും സഹകരണ സംഘങ്ങൾക്ക് അനുവദിച്ച ധനസഹായത്തിന്റെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) അപേക്ഷ നൽകിയിട്ടും ധനസഹായം ലഭ്യമാക്കാത്ത സംഘങ്ങൾ ഏതെല്ലാമെന്നും ധനസഹായം നൽകാതിരിക്കാൻ എന്താണ് കാരണമെന്നും വിശദമാക്കാമോ? | (സി) ധനസഹായം ലഭ്യമാക്കാത്ത സംഘങ്ങളുടെ വിവരവും അതിനുള്ള കാരണവും ചുവടെ ചേർക്കുന്നു. |

| സംഘത്തിന്റെ പേര് | കാരണം |
|---|---|
| 1. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ലി. നം. 10957 (630.00 ലക്ഷം) | ബഡ്ജറ്റ് വിഹിതത്തിന്റെ അപര്യാപ്തത. സംഘത്തിന്റെ അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. |
| 2. മാങ്ങാട്ടിടം ലേബർ കോൺട്രാക്ട് സഹകരണ സംഘം ലി. നം. സി. 1517 (39.60 ലക്ഷം) | സാമ്പത്തിക വർഷം അവസാനം ലഭിച്ച അപേക്ഷയായതിനാൽ 2010 – 11 ൽ ധനസഹായം |

| | |
|---|---|
| | അനുവദിക്കാൻ സാധിച്ചില്ല. 2011-12 ൽ ധനസഹായം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. |
| 3. കൊല്ലം ജില്ലാ സഹകരണ ആശുപത്രി ലി. നം. ക്യൂ 952 (1858.06 ലക്ഷം) | ബഡ്ജറ്റ് വിഹിതത്തിന്റെ അപര്യാപ്തത. സംഘത്തിന്റെ അപേക്ഷ സർക്കാർ പരിശോധിച്ച വരുന്നു. |
| 4. പെരിന്തൽമണ്ണ കോ-ഓപ്പറേറ്റീവ് ഹെൽത്ത് & റിക്രിയേഷൻ സെന്റർ ലി. നം. എം. 770 (450 ലക്ഷം) | എൻ.സി.ഡി.സി. അനുമതി ലഭിക്കാത്തതിനാൽ ധനസഹായം അനുവദിച്ചിട്ടില്ല. |
| 5. മലബാർ ടൂറിസം ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലി. നം. സി. 1513 (1018.40 ലക്ഷം) | സംഘത്തിന്റെ അപേക്ഷ സർക്കാർ പരിശോധിച്ച വരുന്നു. |
| 6. കൺസ്യൂമർ ഫെഡറേഷൻ (50.085 കോടി) | ബഡ്ജറ്റ് വിഹിതത്തിന്റെ അപര്യാപ്തത. |
| 7. മോനിപ്പള്ളി മാർക്കറ്റിംഗ് സഹകരണ സംഘം ലി. നം. 4052 (295.20 ലക്ഷം) | സംഘം തുടർച്ചയായി നഷ്ടത്തിലായതിനാൽ എൻ.സി.ഡി.സി അപേക്ഷ നിരസിച്ചു |
| 8. ആര്യങ്കാവ് സർവീസ് സഹകരണ ബാങ്ക് ലി. നം. 2965 (45.00 ലക്ഷം) | ധനസഹായം ആവശ്യമില്ലായെന്ന് സംഘം തീരുമാനിച്ചതിനാൽ ധനസഹായം അനുവദിച്ചിട്ടില്ല |
| 9. കടങ്ങല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2165 (116.88 ലക്ഷം) | ധനസഹായം ആവശ്യമില്ലായെന്ന് സംഘം തീരുമാനിച്ചതിനാൽ |

| | |
|---|---|
| | ധനസഹായം അനുവദിച്ചിട്ടില്ല |
| 10. ഏത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 1816 (45.00 ലക്ഷം) | ധനസഹായം ആവശ്യമില്ലായെന്ന് സംഘം തീരുമാനിച്ചതിനാൽ ധനസഹായം അനുവദിച്ചിട്ടില്ല |
| 11. കോൽക്കളം സർവ്വീസ് സഹകരണ ബാങ്ക് ലി. നം. എഫ്. 1073 (13.50 ലക്ഷം) | അപേക്ഷ പുതുക്കി നൽകുവാൻ സംഘം തീരുമാനിച്ചതിനാൽ ധനസഹായം അനുവദിച്ചിട്ടില്ല. |
| 12.റബ്ബർ മാർക്ക് (83.00 കോടി) | സംഘത്തിന്റെ അപേക്ഷ എൻ.സി.ഡി.സി. ക്ക് അയച്ചുവെങ്കിലും എൻ.സി.ഡി.സി അധിക വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംഘത്തിന്റെ അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. |
| 13. റെയ്ഡ്കോ (5.00 കോടി) | എൻ.സി.ഡി.സി. റൂൾസ് പാലിക്കാത്തതിനാൽ ധനസഹായം അനുവദിച്ചിട്ടില്ല |
| 14. റബ്കോ 10.99 കോടി) | സംഘം നഷ്ടത്തിലായതിനാലും പ്രോജക്ട് പ്രവർത്തനക്ഷമമല്ലാത്തിനാലും സർക്കാർ അപേക്ഷ നിരസിച്ചു |
| 15. മാർക്കറ്റ്ഫെഡ് (1.29 കോടി) | പരിഷ്കരിച്ച പ്രോജക്ട് പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് സർക്കാരിൽ |

| | |
|---|---|
| | സംഘം ലഭ്യമാക്കിയിരുന്നില്ല. |
| 16. കാസറഗോഡ് സഹകരണ എഡ്യൂക്കേഷണൽ സംഘം. നം. സി. 904 (4.50 കോടി) | ബജറ്റ് വിഹിതത്തിന്റെ അപര്യാപ്തത |
| 17. കാസറഗോഡ് പ്രിന്റിംഗ് & പബ്ലിഷിംഗ് സഹകരണ സംഘം (36.00 ലക്ഷം) | എൻ.സി.ഡി.സി. യുടെ അനുമതി ലഭിച്ചിട്ടുണ്ട്. അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ് |
| 18. കരുവിശ്ശേരി എഡ്യൂക്കേഷണൽ സംഘം (58.50 ലക്ഷം) | സാമ്പത്തിക വർഷം അവസാനം ലഭിച്ച അപേക്ഷയായതിനാൽ 2010-11 ൽ ധനസഹായം അനുവദിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ എൻ.സി.ഡി.സി.യുടെ പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.